(ബി) സംസ്ഥാനത്തെ ലാന്റ് റവന്യു കമ്മീഷണറേറ്റിലും എല്ലാ കളക്ടറേറ്റുകളിലും, സബ് കളക്ടറേറ്റുകളിലും താലൂക്ക് ഓഫീസുകളിലും ഇ-ഓഫീസ് സമ്പ്രദായം നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വില്ലേജ് ഓഫീസുകളിലേയ്ക്കുകൂടി പദ്ധതി വ്യാപിപ്പിക്കുന്നതോടെ കാലവിളംബം കൂടാതെ ഓൺലൈനായി ഫയലുകളും റിപ്പോർട്ടുകളും താലൂക്ക് ഓഫീസുകളിലേയ്ക്കും മറ്റ് ഉയർന്ന തലങ്ങളിലേയ്ക്കും അയയ്ക്കുവാൻ സാധിയ്ക്കും. ഇ-മെയിൽ വഴി ഏത് ഓഫീസിലേയ്ക്കും വിവരങ്ങൾ കൈമാറുവാനും കഴിയും. കൂടാതെ ഫയൽ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ ഏത് തലത്തിലാണ് കാലതാമസം ഉണ്ടാകുന്നത് എന്നുള്ള വിവരം പൊതുജനങ്ങൾക്കുകൂടി അറിയുവാൻ കഴിയും. ഏതെങ്കിലും ഒരു ഉദ്യോഗസ്ഥന്റെ അഭാവത്തിൽ ഫയൽ നീക്കം തടസ്സപ്പെടുന്ന അവസ്ഥ ഓൺലൈൻ സംവിധാനത്തിൽ ഒഴിവാക്കാനാകും. ഭൂരിഭാഗം സർക്കാർ ഓഫീസുകളിലും ഇന്റർനെറ്റ് സംവിധാനം നിലവിലുണ്ട്. അതിനാൽ വേഗത്തിൽ ഇ-മെയിൽ മുഖാന്തരം റിപ്പോർട്ടുകൾ ലഭ്യമാക്കാനും നടപടി സ്വീകരിക്കുവാനും കഴിയുന്ന സാഹചര്യമാണ് നിലവിലുള്ളത്. റവന്യു വകുപ്പിലെ സർട്ടിഫിക്കറ്റ് വിതരണം ഉൾപ്പെടെ പൊതുജനങ്ങൾക്ക് ലഭിക്കുന്ന നിരവധി സേവനങ്ങൾ ഇ-ഡിസ്ട്രിക്ട് പദ്ധതിയിലൂടെ ഓൺലൈനായി നൽകിവരുന്നു.

(സി) അനാവശ്യ ക്വറികളും, കത്തിടപാടുകളും ഒഴിവാക്കുവാൻ ബന്ധപ്പെട്ട നിയമങ്ങൾ, ചട്ടങ്ങൾ, പദ്ധതിമാർഗ്ഗരേഖകൾ എന്നിവയിൽ അവബോധം വളർത്തുവാൻ ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകിവരുന്നുണ്ട്. നിലവിലുള്ള ചട്ടപ്രകാരം വകുപ്പ് തലവൻമാർ, ഡയറക്ടർമാർ എന്നിവർ ആവശ്യമുള്ള സന്ദർഭങ്ങളിൽ മാത്രമേ ഫയലുകൾ സർക്കാരിലേയ്ക്ക് അയയ്ക്കേണ്ടതുള്ളൂ. മാത്രവുമല്ല വകുപ്പുകൾ, ഡയറക്ടറേറ്റുകൾ എന്നിവിടങ്ങളിലേയും സർക്കാരിലേയും ഫയൽ നടപടി ക്രമങ്ങൾ വ്യത്യസ്തവുമാണ്.

തീർപ്പാക്കാനുള്ള കേസുകൾ

70 (41) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ കോടതികളിലുമായി നിലവിൽ എത്ര കേസുകൾ തീർപ്പാക്കാനായി ബാക്കി നില്പുണ്ട്;

(ബി) കേരള ഹൈക്കോടതിയിൽ മാത്രം ബാക്കി നില്പുള്ള കേസുകൾ എത്ര;

(സി) കേരള സർക്കാർ കക്ഷിയായിട്ടുള്ള എത്ര കേസുകൾ ഇപ്പോഴും കെട്ടിക്കിടപ്പുണ്ട്; ഇവയിൽ, എത്ര വർഷം വരെ പഴക്കമുള്ള കേസുകൾ ഉണ്ട് ;

(ഡി) ആഭ്യന്തര-വിജിലൻസ് വകുപ്പുകളുമായി ബന്ധപ്പെട്ട എത്ര കേസുകൾ തീർപ്പാക്കാൻ ബാക്കി നില്പുണ്ട് എന്നു വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 31-12-2015-ലെ കണക്ക് പ്രകാരം ഹൈക്കോടതിയിലും സബോർഡിനേറ്റ് കോടതികളിലുമായി 553030 സിവിൽ കേസ്സുകളും 949466 ക്രിമിനൽ കേസ്സുകളും തീർപ്പാക്കാനായി കെട്ടിക്കിടപ്പുണ്ട്.

(ബി) 31-12-2015-ലെ കണക്ക് പ്രകാരം കേരള ഹൈക്കോടതിയിൽ 1,21,306 സിവിൽ കേസ്സുകളും 36063 ക്രിമിനൽ കേസ്സുകളും തീർപ്പാക്കാനായി ബാക്കി നിൽപ്പുണ്ട്.

(സി&ഡി) വിവരം ശേഖരിച്ചുവരുന്നു.

പ്രകൃതി ദുരന്ത പഠനം

71(42) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പിന്റെ മേൽനോട്ടത്തിൽ നടക്കുന്ന പ്രകൃതി ദുരന്ത പഠനപ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ;എങ്കിൽ, വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ കീഴിലുള്ള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിൽ പ്രകൃതി ദുരന്ത പഠന പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. താഴെ പറയുന്നവ അവയിൽ പ്രധാനപ്പെട്ട ചിലതാണ്.

1. പരിസ്ഥിതി റിപ്പോർട്ട് വാല്യം 2, "പ്രകൃതി വിപത്തുകൾ"
2. കേരള തീരപ്രദേശത്തെ സുനാമി പരിസ്ഥിതി പ്രത്യാഘാത റിപ്പോർട്ട്.

പ്രകൃതി ദുരന്തങ്ങളായ ഉരുൾപ്പൊട്ടൽ, വെള്ളപ്പൊക്കം, ഇടിമിന്നൽ, ഭൂമികുലുക്കം, വർണ്ണമഴ തുടങ്ങിയ ദുരന്തങ്ങളെയും പ്രതിഭാസങ്ങളെയും കുറിച്ചുള്ള പഠനങ്ങൾ ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങളിൽ നടക്കുന്നുണ്ട്. അത്തരം പഠനങ്ങൾ അതാത് ഗവേഷണ സ്ഥാപനത്തിന്റെ ഗവേഷണ ഉപദേശക സമിതികളിൽ വിലയിരുത്തുകയും പോരായ്മകളുണ്ടെങ്കിൽ മെച്ചപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ഈ ഗവേഷണ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകളുടെ രത്നച്ചുരുക്കം അതാത് ഗവേഷണ കേന്ദ്രങ്ങളുടെ വെബ്സൈറ്റിൽ ലഭ്യമാക്കുന്നു. ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിൽ പരിസ്ഥിതി വിഷയങ്ങൾക്കായി കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ പരിസ്ഥിതി വിവരകേന്ദ്രവും പ്രവർത്തിക്കുന്നുണ്ട്.